# പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടി ഉത്തരവ്

## സാന്നിധ്യം - കെ.വി. മോഹൻകുമാർ. ഐ.എ.എസ്

വിഷയം: പൊതു.വിദ്യാഭ്യാസം - ജീവനം – സേവനത്തിൽ നിന്നും വേലവിലക്കിയ കണ്ണൂർ മാതമംഗലം ഗവ. ഹയർ സെക്കണ്ടറി സ്കൂൾ പ്രഥമാദ്ധ്യാപകനായ ശ്രീ. എം.സി. ജയദേവനെ സേവനത്തിൽ തിരികെ പ്രവേശിപ്പിച്ചുക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

വായന:- 1) ഈ ആഫീസിലെ 09/09/2016 -ലെ വി6/12613/2016/ഡി.പി.ഐ നം. ഉത്തരവ്
2) ഈ ആഫീസിലെ 20/02/2016 -ലെ വി6/12613/2016/ഡി.പി.ഐ നം. ഉത്തരവ്.
3) ഈ ആഫീസിലെ 23/09/2016 - ലെ ഡി5/3100/2016/ഡി.പി.ഐ ഉത്തരവ്

## ഉത്തരവ് നമ്പർ ഡി5/3100/2016/ഡി.പി.ഐ, തീയതി 03/10/2016

കണ്ണൂർ മാതമംഗലം ഗവ. ഹയർ സെക്കണ്ടറി സ്കൂൾ പ്രഥമാദ്ധ്യാപകനായ ശ്രീ. എം.സി. ജയദേവനെ അച്ചടക്ക നടപടിയുടെ ഭാഗമായി സേവനത്തിൽ നിന്നും വായന (2) പ്രകാരം വേലവിലക്കിയിരുന്നു. ടി വേലവിലക്ക് പിൻവലിച്ച് ശ്രീ. എം.സി. ജയദേവനെ അച്ചടക്ക നടപടി തുടർന്നുകൊണ്ടുതന്നെ സേവനത്തിൽ തിരികെ പ്രവേശിപ്പിക്കുവാൻ വായന (1) പ്രകാരം ഉത്തരവായി.

ജനറൽ ഡിപ്പാർട്ട്മെന്റ് ഹൈസ്കൂളുകളിൽ നിലവിൽ ഹെഡ്മാസ്റ്റർമാരുടെ ഒഴിവുകൾ ഇല്ലാത്ത സാഹചര്യത്തിൽ കൊല്ലം ജില്ലയിലെ തമിഴ് മീഡിയം സ്കൂളായ ഗവൺമെന്റ് എച്ച്.എസ് കൂവക്കാടിൽ ജനറൽ ഡിപ്പാർട്ട്മെന്റ് ഹൈസ്കൂളുകളിൽ ഒഴിവു ണ്ടാകുമ്പോൾ മാറ്റി നിയമിക്കും എന്ന വ്യവസ്ഥയോടെ ശ്രീ. എം.സി. ജയദേവനെ വായന (3) പ്രകാരം നിയമിച്ച് ഉത്തരവായി. അന്വേഷണത്തിൽ ഗവൺമെന്റ് എച്ച്.എസ് കൂവക്കാടിൽ ഒഴിവില്ലായെന്ന് ബോധ്യപ്പെട്ടതിനാൽ വായന (3) പ്രകാരമുള്ള ഉത്തരവ് റദ്ദാക്കി ഇതിനാൽ ഉത്തരവാകുന്നു.

ഈ സാഹചര്യത്തിൽ ശ്രീ. എം.സി. ജയദേവനെ സ്ഥാനക്കയറ്റം പരിത്യജിച്ച പ്പോ ഴുണ്ടായ ഒഴിവിൽ കോട്ടയം ജില്ലയിലെ വെച്ചൂർ ഗവൺമെന്റ് എച്ച്. എസിൽ ഹെഡ്മാസ്റ്റ റായി നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

പുതിയ ലാവണങ്ങളിൽ പദവി ഏറ്റെടുത്ത ശേഷം ആയത് മേലാപ്പീസിൽ രേഖാമൂലം അറിയിക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

ഒപ്പ്/-

**കെ.വി. മോഹൻകുമാർ. ഐ.എ.എസ്**
**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

**// അംഗീകാരത്തോടെ //**

**സൂപ്രണ്ട്**

**സ്വീകർത്താക്കൾ:-**

1. **ഹെഡ്മാസ്റ്റർ, ജി.എച്ച്.എസ്..മാതമംഗലം, കണ്ണൂർ**
2. **ഹെഡ്മാസ്റ്റർ, ജി.എച്ച്.എസ്. വെച്ചൂർ, കോട്ടയം**
3. **വിദ്യാഭ്യാസ ഉപ ഡയറക്ടർ, കോട്ടയം, കണ്ണൂർ,**
4. **ജില്ലാ വിദ്യാഭ്യാസ ആഫീസർ കടുത്തുരുത്തി, തളിപ്പറമ്പ, കണ്ണൂർ**
5. കരുതൽ ഫയൽ

പകർപ്പ് : -

**അക്കൗണ്ടന്റ് ജനറൽ (എ&ഇ) തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)**